# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 24-05-2026**

## പ്രധാനവാർത്തകൾ

RNU TVPM

1. 2026 ലെ പത്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു നാളെ സമ്മാനിക്കും.
2. ആഫ്രിക്കയിൽ എബോള വ്യാപന സാഹചര്യത്തിൽ അടിയന്തര മെഡിക്കൽ സാമഗ്രികളും സുരക്ഷാ കിറ്റുകളും അയച്ച് ഇന്ത്യ. സംസ്ഥാനത്ത് സുരക്ഷാ മുന്നൊരുക്കങ്ങൾ ശക്തമാക്കിയതായി ആരോഗ്യ മന്ത്രി കെ .മുരളീധരൻ
3. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെയും ജനജീവിതത്തെയും ഉയർത്തുന്ന വികസന പദ്ധതികൾ യാഥാർത്ഥ്യമാക്കുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ
4. സി ബി എസ് ഇ പുനർ മൂല്യനിർണയ പ്രക്രിയ തടസ്സങ്ങളില്ലാതെ നടത്തുന്നതിന് വിദഗ്ധ സംഘത്തെ നിയോഗിക്കാൻ നിർദ്ദേശിച്ച് കേന്ദ്ര മന്ത്രി ധർമ്മേന്ദ്ര പ്രധാൻ,
5. സംസ്ഥാനത്ത് ബുധനാഴ്ചവരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം ജില്ലയിൽ ഓറഞ്ച് ജാഗ്രതയും 11 ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു
6. ഐപിഎൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിനെതിരെ മുംബൈ ഇന്ത്യൻസിന് 206 റൺ വിജയലക്ഷ്യം.

&&&&&&&&&&&&&&&&&&&

## പത്മ പുരസ്‌കാരങ്ങൾ

2026 ലെ പത്മ പുരസ്‌കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു നാളെ സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ നടക്കുന്ന പ്രത്യേക ചടങ്ങിലാണ് പുരസ്‌കാരം നൽകുക . ആകെ 131 പത്മ പുരസ്‌കാരങ്ങളാണ് ഈ വർഷം പ്രഖ്യാപിച്ചത് . ഇതിൽ അഞ്ച് പത്മവിഭൂഷൺ, 13 പത്മഭൂഷൺ, 113 പത്മശ്രീ പുരസ്ക്കാരങ്ങൾ എന്നിവ ഉൾപ്പെടുന്നു. പുരസ്‌കാര ജേതാക്കളിൽ 19 പേർ സ്ത്രീകളാണ്.

&&&&&&&&&&&&&

## എബോള- ഇന്ത്യ

ആഫ്രിക്കയിൽ എബോള വ്യാപനം വർധിച്ചതിനെ തുടർന്ന് അടിയന്തര മെഡിക്കൽ സാമഗ്രികളും സുരക്ഷാ കിറ്റുകളും അയച്ച് ഇന്ത്യ. രോഗ വ്യാപന സാഹചര്യത്തിൽ ആഫ്രിക്കൻ യൂണിയനുമായി ഏകോപിപ്പിച്ച് പ്രതിസന്ധിയെ നേരിടാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് വിദേശകാര്യ മന്ത്രി. എസ്. ജയശങ്കർ അഭിപ്രായപ്പെട്ടു. രോഗം വ്യാപിച്ച ആഫ്രിക്കൻ രാജ്യങ്ങളിലേക്കുള്ള യാത്രകൾ ഒഴിവാക്കാൻ കേന്ദ്രസർക്കാർ പൗരന്മാർക്ക് നിർദ്ദേശവും നൽകി.

RNU TVPM

&&&&&&&&&&&&&

## എബോള - കെ .മുരളീധരൻ -ഇൻട്രോ

ആഫ്രിക്കയിൽ എബോള രോഗം പടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തു സുരക്ഷാ മുന്നൊരുക്കങ്ങൾ ശക്തമാക്കിയതായി ആരോഗ്യ മന്ത്രി കെ .മുരളീധരൻ . നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും വിദേശത്തുനിന്നും വരുന്ന യാത്രക്കാരെ നിരീക്ഷിക്കാൻ വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും റയിൽവേ സ്റ്റേഷനുകളിലും സംവിധാനം ഒരുക്കിയിട്ടുണ്ടെന്നും ആരോഗ്യ മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. ഐസൊലേഷൻ വാർഡുകൾ ഉൾപ്പെടെ സഞ്ജീകര്ച്ചതായും കർശന ജാഗ്രതാ നിർദേശം നൽകിയതായും ശ്രീ.കെ .മുരളീധരൻ പറഞ്ഞു (വോയിസ് - കെ .മുരളീധരൻ )

&&&&&&&&&&&&&

## മുഖ്യമന്ത്രി വി.ഡി സതീശൻ- സ്വീകരണം

കേരളത്തിൻറെ സമ്പദ്വ്യവസ്ഥയെയും ജനജീവിതത്തെയും ഉയർത്തുന്ന സ്വപ്നതുല്യമായ വികസന പദ്ധതികൾ യാഥാർത്ഥ്യമാക്കുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. കൊച്ചിയിൽ പൗരാവലി ഒരുക്കിയ സ്വീകരണം ഏറ്റുവാങ്ങിക്കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വരുന്ന സംസ്ഥാന ബഡ്ജറ്റിൽ ആരോഗ്യ - വിദ്യാഭ്യാസ - അടിസ്ഥാന വികസന മേഖലകളിൽ വലിയ പ്രഖ്യാപനങ്ങൾ ഉണ്ടാകുമെന്നും മുഖ്യമന്ത്രി സൂചന നൽകി. കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ ജി. പ്രിയങ്ക അധ്യക്ഷയായി. പ്രശസ്ത ചലച്ചിത്ര താരം മമ്മൂട്ടി മുഖ്യാതിഥിയായിരുന്നു. മന്ത്രിമാർ, എം.പിമാർ, എം.എൽ.എമാർ, സാമൂഹിക - സാംസ്കാരിക രംഗത്തെ പ്രമുഖർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&

## പ്രധാൻ-സിബിഎസ്ഇ

പ്ലസ് ടു ഉത്തരക്കടലാസുകളുടെ പുനർ മൂല്യനിർണയ പ്രക്രിയയിൽ സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷനെ സാങ്കേതികമായി സഹായിക്കുന്നതിന് ഐഐടി മദ്രാസിൽ നിന്നുള്ള വിദഗ്ധ സംഘത്തെ നിയോഗിക്കാൻ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ നിർദ്ദേശിച്ചു. സിബിഎസ്ഇ പോസ്റ്റ്-റിസൾട്ട് സർവീസസ് പോർട്ടലുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളും രക്ഷിതാക്കളും ഉന്നയിച്ച ആശങ്കകൾ കണക്കിലെടുത്താണ് തീരുമാനം. പ്ലസ് ടു ഉത്തരക്കടലാസുകളുടെ പുനർ മൂല്യനിർണ്ണയത്തിന് വിദ്യാർത്ഥികൾ കൂടുതൽ തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ നൽകുമെന്ന് CBSE അറിയിച്ചു.

&&&&&&&&&&&&&

RNU TVPM

## പ്ലസ് ടു പരീക്ഷാഫലം

രണ്ടാം വർഷ ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി പരീക്ഷകളുടെ ഫലം മറ്റന്നാൾ ഉച്ചകഴിഞ്ഞ് 3 മണിക്ക് പൊതുവിദ്യാഭ്യാസ മന്ത്രി എൻ. ഷംസുദ്ദീൻ പ്രഖ്യാപിക്കും. ഔദ്യോഗിക വെബ്സൈറ്റുകളിൽ ഫലം ലഭ്യമാകും. അതേസമയം പുതിയ അധ്യയന വർഷത്തെ പ്ലസ് വൺ അപേക്ഷാ സമർപ്പണം നാളെ ആരംഭിക്കും. ഓൺലൈൻ വഴിയാണ് അപേക്ഷിക്കേണ്ടത്.

&&&&&&&&&&&&&

## മേയർ വിവി രാജേഷ് - അനധികൃത കെ ട്ടിടം

തിരുവനന്തപുരം നഗരസഭാ പരിധിയിൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ പൊളിച്ചു നീക്കുമെന്ന് മേയർ വിവി രാജേഷ് . പാളയം മാർക്കറ്റിലെ അനധികൃത പണപ്പിരിവ് ശ്രദ്ധയിൽ പ്പെട്ടതായും നടപടി സ്വീകരിച്ചതായും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.ക്രമക്കേടുകളിൽ ആദ്യ ഘട്ട നടപടികൾ എടുത്തതായും അദ്ദേഹം വ്യകത്മാക്കി. മുഖ്യമന്ത്രി വി ഡി സതീശൻ നഗരസഭയുടെ പ്രവർത്തനങ്ങൾക്ക് പൂർണ്ണ സഹകരണം വാഗ്ദാനം ചെയ്തതായും ശ്രീ വി വി രാജേഷ് പറഞ്ഞു.

RNU TVPM

&&&&&&&&&&&&&

## പൊതു അവധി

ബലി പെരുന്നാൾ പ്രമാണിച്ച് സംസ്ഥാനത്ത് രണ്ട് ദിവസം പൊതു അവധി പ്രഖ്യാപിച്ചു. ഈ മാസം 27,28 തീയതികളിലാണ് അവധി. സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കൂടാതെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് പ്രകാരം ബാങ്കുകൾ അടക്കമുള്ള സ്ഥാപനങ്ങൾക്കും അവധി ആയിരിക്കും.

&&&&&&&&&&&&&

ശബരിമല (ഇൻട്രോ)

പ്രതിഷ്ഠാ ദിന പൂജകൾക്കായി ശബരിമല നട നാളെ തുറക്കും. 26 - നാണ് പ്രതിഷ്ഠാദിനം.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.....**

**(വോയിസ്)**

**&&&&&&&&&&&&&**

മഴ - കേരളം

സംസ്ഥാനത്ത് ബുധനാഴ്ചവരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം ജില്ലയിൽ ഓറഞ്ച് അലർട്ടും, പാലക്കാട്, വയനാട് ജില്ലകൾ ഒഴികെയുള്ള 11 ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഈ മാസം 28 വരെ കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

RNU TVPM

**&&&&&&&&&&&&&**

ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിനെതിരെ മുംബൈ ഇന്ത്യൻസിന് 206 റൺ വിജയലക്ഷ്യം. ടോസ് നേടിയ മുംബൈ ബൗളിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. ഇന്ന് നടക്കുന്ന രണ്ടാം മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - ഡൽഹി ക്യാപിറ്റൽസിനെ നേരിടും.രാത്രി 7.30-ന് കൊൽക്കത്തയിലാണ് മത്സരം .

**&&&&&&&&&&&&&**

ഫ്രഞ്ച് ഓപ്പൺ

ഫ്രഞ്ച് ഓപ്പൺ ടെന്നീസിന്റെ 125-ാം പതിപ്പിന് ഇന്ന് പാരീസിൽ തുടക്കമാകും. പുരുഷ സിംഗിൾസിൽ 25-ാം ഗ്രാൻഡ്സ്ലാം കിരീടം ലക്ഷ്യമിട്ടാണ് ഇതിഹാസ താരം നൊവാക് ജോക്കോവിച്ച് കോർട്ടിലിറങ്ങുന്നത്. ഫ്രഞ്ച് താരത്തിനെതിരെയാണ് ജോക്കോവിച്ചിൻറെ മത്സരം.

&&&&&&&&&&&&&

## രത്തൻ യു കേൽക്കർ

മുഖ്യമന്ത്രിയുടെ സെക്രട്ടറിയായി, രത്തൻ യു കേൽക്കർ IAS ചുമതലയേറ്റു. സംസ്ഥാനത്ത്, സിവിൽ സർവീസ് ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഉത്തരവിറങ്ങിയിരുന്നു.

&&&&&&&&&&&&&

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് ഈ മാസം 31-ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നമോ ആപ്പിലൂടെയോ, My gov ഓപ്പൺ ഫോറത്തിലൂടെയോ ഈ മാസം 29 വരെ സമർപ്പിക്കാം.

&&&&&&&&&&&&&

PRD TVPM

## നോർക്ക റൂട്ട്സ്

സാങ്കേതിക കാരണങ്ങളാൽ നാളെയും മറ്റന്നാളും നോർക്ക റൂട്ട്സിൻറെ കോഴിക്കോട് സർട്ടിഫിക്കറ്റ് ഒതന്റിക്കേഷൻ സെൻററിൽ അറ്റസ്റ്റേഷൻ സേവനം ഉണ്ടായിരിക്കില്ല എന്ന് നോർക്ക റൂട്ട്സ് അറിയിച്ചു.

&&&&&&&&&&&&&

## പിഐബി- വസ്തുതാ പരിശോധനാ യൂണിറ്റ്

22,000 രൂപയുടെ പ്രാരംഭ നിക്ഷേപം നടത്തുന്നവർക്ക് പ്രതിമാസം 3 ലക്ഷം രൂപ വരുമാനം വാഗ്ദാനം ചെയ്യുന്ന ഒരു ക്വാണ്ടം AI നിക്ഷേപ പദ്ധതി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ സമൂഹ മാധ്യമത്തിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമെന്ന് കേന്ദ്ര സർക്കാർ. ധനമന്ത്രി അത്തരമൊരു നിക്ഷേപ പദ്ധതി അംഗീകരിച്ചിട്ടില്ലെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ യൂണിറ്റ് അറിയിച്ചു.